Page 1 of 3

(എ) ഫയർ & റെസ്ക്യൂ വകുപ്പിൽ ഡ്രൈവർ മെക്കാനിക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് എൻട്രി കേഡർ അടിസ്ഥാനമാക്കി കണക്കാക്കണമെന്ന് വ്യക്തമാക്കിക്കൊണ്ട് 6-5-2014-ലെ സർക്കാർ ഉത്തരവ് 1304/14/Home നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് ലംഘിച്ചിട്ടും കമാന്റന്റ് ജനറൽ, ഡ്രൈവർ മെക്കാനിക്കുമാരുടെ പ്രൊമോഷൻ തസ്തികയായ അസി. സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് അവരെ ഒഴിവാക്കി ഫീഡർ കാറ്റഗറിയിലെ ഒരു വിഭാഗമായ ലീഡിംഗ് ഫയർമാൻമാർക്ക് മാത്രമായി സ്ഥാനക്കയറ്റം നൽകി 29-5-2014-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ക്രമവിരുദ്ധമായ ഉത്തരവ് റദ്ദാക്കാനും ഇത്തരം ക്രമവിരുദ്ധമായ നടപടികൾക്ക് കാരണക്കാരായവർക്കെതിരെയും നടപടികൾ സ്വീകരിക്കുമോ ;

(ഡി) 6-5-2014-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ഡ്രൈവർ മെക്കാനിക്കുമാരുടെ എൻട്രി കേഡർ അനുസരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി പൂർത്തിയാക്കി അർഹരായവർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്കുള്ള പ്രൊമോഷന് ഡ്രൈവർ മെക്കാനിക്കുമാരുടെ എൻട്രി കേഡറായ ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരുടെ സീനിയോറിറ്റി അടിസ്ഥാനമാക്കണമെന്ന സർക്കാർ ഉത്തരവ് 1304/2014/ആഭ്യന്തരം തീയതി 6-5-2014 നിലവിലുണ്ട്.

(ബി&സി) ഉണ്ട്. ഡ്രൈവർ മെക്കാനിക്കിന്റെ എൻട്രി കേഡറായ ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ചപ്പോൾ അതിൽ സീനിയറായ ഡ്രൈവർ മെക്കാനിക്ക്, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കോഴ്സ് പാസ്സാകാത്തതുകൊണ്ടാണ് അവർക്കുള്ള ഒഴിവ് നിലനിർത്തിക്കൊണ്ട് ലീഡിംഗ് ഫയർമാൻ തസ്തികയിലുള്ളവർക്ക് മാത്രം സ്ഥാനക്കയറ്റം നൽകിയത്.

(ഡി) എൻട്രി കേഡറിലെ സീനിയോറിറ്റി പ്രകാരം അതിൽ സീനിയർ മോസ്റ്റായ ഡ്രൈവർ മെക്കാനിക്കുമാരെ ഉടൻ ക്വാളിഫൈയിംഗ് കോഴ്സിനയച്ച് പാസ്സാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതാണ്.

**വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം**

229 (5160) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :



LIBRARY ARCHIVES Kerala Legislative Assembly

(എ) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അഴിമതികൾ കണ്ടുപിടിക്കുന്നതിലും തടയുന്നതിലും ഫലപ്രദമാകുന്നുണ്ടെന്ന് കരുതുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ആഫീസുകളിൽ നടന്ന അഴിമതികളും കൈക്കൂലികളും സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും വിജിലൻസ് കേസുകൾ പിൻവലിക്കുകയോ, തുടരന്വേഷണം നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ;

(ഡി) എല്ലാ ജില്ലകളിലും ഫ്ളയിംഗ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ ; പ്രസ്തുത സ്ക്വാഡുകൾവഴി കണ്ടെത്തിയ ക്രമക്കേടുകളുടെ എണ്ണം ജില്ലതിരിച്ച് വെളിപ്പെടുത്താമോ ?

## ഉത്തരം

(എ) ടോൾഫ്രീ, വിജിലൻസ് വൈറ്റ്നിംഗ് സ്ക്വാഡ്, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലെ പരാതി സ്വീകരിക്കൽ തുടങ്ങി ഒട്ടേറെ നവീന പദ്ധതികൾ സാക്ഷാത്കരിച്ച് നടപ്പിലാക്കി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തങ്ങളുടെ അഴിമതിവിരുദ്ധ പ്രവർത്തനമേഖലയിൽ സജീവ സാന്നിദ്ധ്യമായി വർത്തിക്കുന്നു. സംസ്ഥാന വ്യാപകമായി വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ മിന്നൽ പരിശോധനകൾ നടത്തിയും, വിജിലൻസ് ട്രാപ്പിലൂടെയും മറ്റും കൈക്കൂലിക്കാരായ ഉദ്യോഗസ്ഥരെ പിടികൂടിയും അഴിമതി കണ്ടെത്തി നിർമ്മാർജ്ജനം ചെയ്യുന്നതിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഫലപ്രദമായി പ്രവർത്തിക്കുന്നു, അന്വേഷണം ത്വരിതപ്പെടുത്തിയും അന്വേഷണ റിപ്പോർട്ടുകളിൽ ശക്തമായി ശിക്ഷാ നടപടി ശുപാർശ ചെയ്തും ഈ ബ്യൂറോ അഴിമതിക്കെതിരെ ശക്തമായി നിലപാട് സ്വീകരിക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഓഫീസുകളിൽ നടന്ന അഴിമതികളും കൈക്കൂലികളും സംബന്ധിച്ച് നാളിതുവരെ 378 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ കോടതി ഉത്തരവിട്ടു പിൻവലിച്ച 6 വിജിലൻസ് കേസുകൾ ഉണ്ട്. ഇവയുടെ കേസ് നമ്പർ ചുവടെ ചേർക്കുന്നു :

1. VC 03/1997/KSD
2. VC 01/2011/SIU –II
3. VC 03/2012/SIU-I
4. VC 06/2009/CRE
5. VC 07/2009/CRE
6. VC 12/2003/SIU

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 3

(ഡി) വിജിലൻസ് വെറ്റിനിംഗ് സ്ക്വാഡ് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗര പരിധിയിൽ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വെറ്റിനിംഗ് സ്ക്വാഡ് മുഖേന ലഭിക്കുന്ന റിപ്പോർട്ടുകൾ അപ്പോൾത്തന്നെ സൂക്ഷ്മമായി പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**ഗ്യാസിന്റെ തൂക്കത്തിൽ കുറവ് വരുത്തിയതിന് ഏജൻസികളുടെ മേലുള്ള വിജിലൻസ് കേസുകൾ**

**230 (5161)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാചകവാതക ഏജൻസികൾ മുൻഗണനാക്രമം പാലിക്കാതെ സിലിണ്ടർ വിതരണം നടത്തിയതിനും ഗ്യാസിന്റെ തൂക്കത്തിൽ കുറവ് വരുത്തിയതിനും എത്ര ഗ്യാസ് ഏജൻസികൾക്കുമേൽ വിജിലൻസ് കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിജിലൻസ് നടത്തിയ റെയ്ഡിൽ കൃത്രിമങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കുമേൽ എന്ത് ശിക്ഷാ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പാചകവാതക വിതരണ ഏജൻസികൾക്കെതിരെ നിലവിൽ വിജിലൻസ് കേസുകൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നില്ല.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 6-6-2014-ന് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ടുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിജിലൻസ് ഡയറക്ടറേറ്റിൽ നടന്നുവരുന്നതേയുള്ളൂ. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**വിജിലൻസ് കേസിൽ പ്രതികളായ പോലീസുദ്യോഗസ്ഥർ**

**231 (5162)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസ് പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം കേസ്സിൽ ഉൾപ്പെട്ടവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly